**SUPPLYCO**
ESSENTIAL REQUIREMENTS TO THE REACH OF EVERYONE

**The Kerala State Civil Supplies Corporation Limited**
(A fully owned Government of Kerala undertaking)

**P.B. No.: 2030**
**Maveli Bhavan,**
**Maveli Road,**
**Gandhi Nagar,**
**Kochi-682 020**

*CIN – U52209KL1974SGC002615*

**ഭരണഭാഷ–മാതൃഭാഷ**

നമ്പർ. എം2-9301/2020 (1) തീയതി: 02/05/2020

സ്വീകർത്താവ്

**എല്ലാ മേഖലാ മാനേജർമാർക്കും/**
**എല്ലാ ഡിപ്പോ മാനേജർമാർക്കും**

സർ,

വിഷയം: സപ്ലൈകോ – മാർക്കറ്റിംഗ് – **കോവിഡ് 19** – ലോക്ക് ഡൗൺ – അതിജീവന കിറ്റുകളുടെ തയ്യാറാക്കലും വിതരണവും – സംബന്ധിച്ച്.

സൂചന : 1) 06/04/2020 ലെ 106/2020/F&CSD നമ്പർ സർക്കാർ ഉത്തരവ്.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 27/04/2020 ലെ എം2–9301/2020 നമ്പർ കത്ത്.

................

അതിജീവന കിറ്റുകളുടെ തയ്യാറാക്കലും വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തര നടപടിക്കായി നൽകുന്നു.

1. NPS ഗുണഭോക്താക്കൾക്കുള്ള കിറ്റുകൾ 08/05/2020 മുതൽ വിതരണം ചെയ്ത് തുടങ്ങുവാനാണ് പൊതു വിതരണ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ NPS ഗുണഭോക്താക്കൾക്കുള്ള കിറ്റുകളുടെ തയ്യാറാക്കൽ അടിയന്തരമായി പൂർത്തിയാക്കേണ്ടതും 07/05/2020 ന് റേഷൻ കടകളിലേക്ക് എത്തിച്ചു തുടങ്ങേണ്ടതുമാണ്.

2. NPS കിറ്റ് തയ്യാറാക്കൽ പുരോഗമിക്കുന്ന സാഹചര്യത്തിൽ **നാളെ (03/05/2020) ഞായറാഴ്ച** കിറ്റ് പാക്കിംഗ് സെന്ററുകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ഞായറാഴ്ച വിൽപ്പന അനുവദിച്ചിട്ടുള്ളതൊഴികെയുള്ള വിൽപ്പനശാലകൾ സാധാരണ വിൽപ്പനയ്ക്കായി പ്രവർത്തിക്കേണ്ടതില്ല. പാക്കിംഗ് സെന്ററുകളിലേക്കുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിനും പാക്കിംഗ് സെന്ററുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമുള്ള ജീവനക്കാരെ നിലനിർത്തി ഡിപ്പോ/ മേഖലാ കാര്യാലയങ്ങൾ പ്രവർത്തിക്കേണ്ടതാണ്.

3. അതിജീവനക്കിറ്റുകളിൽ ഉൾപ്പെടുത്തുന്നതിനായി കടലയോ ചെറുപയറോ സ്റ്റോക്ക് ഇല്ലാത്ത പക്ഷം, ഇവയിൽ ഏതെങ്കിലും ഒന്നിന് പകരം വൻപയർ ഉപയോഗിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**ഒപ്പ്/-**

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

പകർപ്പ് : എല്ലാ കേന്ദ്രകാര്യാലയ ഡിവിഷൻ മേധാവികൾക്കും/
ജില്ലാതല ചാർജ്ജ് ഓഫീസർമാർക്കും/PA to CMD/GM/VO

// അംഗീകാരത്തോടെ //

**മാനേജർ (മാർക്കറ്റിംഗ്) i/c**

S/02.05.20